

പ്രളയദുരിതാശ്വാസത്തിലേക്ക്  കേളി 10 ലക്ഷം രൂപ നൽകി

സൂറിച്ച്. സ്വിറ്റ്സർലാൻഡിലെ സാമൂഹ്യ സാംസ്കാരിക സംഘടനയായ കേളി കേരളത്തിലെ പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് 10 ലക്ഷം രൂപ നൽകി. തിരുവനന്തപുരത്ത് മുഖ്യ മന്ത്രിയുടെ ഓഫീസിൽ വച്ച് കേളിയുടെ പ്രതിനിധികൾ 10 ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് നേരിട്ട് കൈമാറി. വ്യവസായ വകുപ്പ് മന്ത്രി ജയരാജൻ,കേളിയുടെ ആദ്യ പ്രസിഡണ്ട് ബേബി കാക്കശ്ശേരി, ആദ്യകാല അംഗങ്ങളായ വിൻസൻറ് തണ്ടിയേക്കൽ , ജോൺസൺ മാമ്പിള്ളി എന്നിവർ സന്നിഹിതരായിരുന്നു.

മുഖ്യമന്ത്രി പിണറായി വിജയൻ സ്വിറ്റ്സർലണ്ടിലെ മലയാളി കൂട്ടായ്മയായ കേളി നടത്തുന്ന സാമൂഹ്യ പ്രവർത്തനത്തെ അഭിനന്ദിക്കുകയും സെപ്റ്റംബർ എട്ടിന് സൂറിച്ചിൽ ഒരുക്കുന്ന സംഗമത്തിന് ആശംസകൾ നേരുകയും ചെയ്തു.

കേരളത്തിന്റെ പുനർനിർമ്മാണ പ്രക്രിയയിൽ കേളി സജീവപങ്കാളി ആവുമെന്ന് കേളി പ്രസിഡന്റ് ബെന്നി പുളിക്കൽ പറഞ്ഞു. കേരളത്തിലെ ദുരിതാശ്വാസ,പുനർനിർമ്മാണ പ്രക്രിയയിലേക്ക് കേളി ഒരുക്കുന്ന ഓണസംഗമത്തിൽ നിന്നുള്ള മുഴുവൻ വരുമാനവും കൂടാതെ സ്വരൂപിക്കുന്ന ഫണ്ടും വിനിയോഗിക്കും. സ്വിറ്റ്സർലണ്ടിലെ സുമനസ്സുകളായ എല്ലാ മലയാളികളുടെയും സാന്നിദ്ധ്യസഹകരണം അഭ്യർത്ഥിക്കുന്നതായും കേളി പ്രസിഡണ്ട് അറിയിച്ചു.

•